**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വയനാട് ജില്ലയിൽ അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ പഞ്ചായത്ത് ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3659/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 14.11.2017

===========================================================================

പരാമർശം: പഞ്ചായത്ത് ഡയറക്ടറുടെ 13.12.2011-ലെ ഡി6/1515/11 നമ്പർ റിപ്പോർട്ട് പ്രകാരം ലഭ്യമായ പനമരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. മുസ്തഫ, കണിയാംപറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ബെന്നി ജോസഫ്, പൊഴുതന ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ബെന്നി ജോർജ്ജ്, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എം.കെ. മാമു, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എ.ആർ. ജയകൃഷ്ണൻ, എടവക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ.ഇ. സതീശൻ, വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. വി.എൻ. സുരേഷ് എന്നിവർ സമർപ്പിച്ച അപ്പീൽ ഹർജികൾ

**ഉത്തരവ്**

വയനാട് ജില്ലയിൽ അനധികൃതമായി പ്രവർത്തിച്ച വരുന്ന എല്ലാ അനധികൃത ക്വാറികളുടെയും പ്രവർത്തനം തടയണമെന്നും അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതു കണ്ടാൽ ആയത് ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നും 24.07.2010-ലെ എൽ2-6848/10 നമ്പർ കത്ത് പ്രകാരം ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും വയനാട് ജില്ലാകളക്ടർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ബഹു. കേരള ഹൈക്കോടതിയുടെ WP(C) 5452/2010-ാം നമ്പർ കേസിലെ 05.01.2011-ലെ വിധിയെത്തുടർന്ന് മാനന്തവാടി സബ്കളക്ടറും ജില്ലാ പോലീസ് സൂപ്രണ്ടും സംയുക്തമായി അന്വേഷണം നടത്തി ബഹു. ഹൈക്കോടതി മുമ്പാകെ 25.11.2010-ന് സമർപ്പിച്ച റിപ്പോർട്ടിൽ ജില്ലാ കളക്ടറുടെ 24.07.2010-ലെ കത്തിലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ലെന്നും ആയതിനാൽ 24.07.2010 മുതൽ 25.11.2010 വരെയുള്ള കാലയളവിൽ ജോലിയിലുണ്ടായിരുന്ന മേൽ നിർദ്ദേശം പാലിക്കാത്തവരുമായവരും ബന്ധപ്പെട്ട എല്ലാ പഞ്ചായത്ത് ഉദ്യോഗസ്ഥന്മാരുടെ പേരിലും വകുപ്പുതല നടപടികളും പ്രോസിക്യൂഷൻ നടപടികളും സ്വീകരിക്കണമെന്നും വയനാട് ജില്ലാ കളക്ടർ ആവശ്യപ്പെട്ട ആയതിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിൽ അനധികൃതമായി പ്രവർത്തിക്കുന്ന 36 ക്വാറികൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ പഞ്ചായത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്ന് സർക്കാർ നിർദ്ദേശിക്കുകയും മേൽ നിർദ്ദേശപ്രകാരം പഞ്ചായത്ത് ഡയറക്ടർ താഴെപ്പറയുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ജീവനക്കാരുടെ 2 വാർഷിക ശമ്പള വർദ്ധനവുകൾ സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞ് ഉത്തരവാകുകയുമുണ്ടായി.

1. ശ്രീ. കെ. മുസ്തഫ, സെക്രട്ടറി, പനമരം ഗ്രാമപഞ്ചായത്ത്
2. ശ്രീ. ബെന്നി ജോസഫ്, സെക്രട്ടറി, കണിയാംപറ്റ ഗ്രാമപഞ്ചായത്ത്

3. ശ്രീ. ബെന്നി ജോർജ്ജ്, സെക്രട്ടറി, പൊഴുതന ഗ്രാമപഞ്ചായത്ത്
4. ശ്രീ. എം.കെ. മാമു, സെക്രട്ടറി, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്
5. ശ്രീ. എ.ആർ. ജയകൃഷ്ണൻ, സെക്രട്ടറി, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്
6. ശ്രീ. കെ.ഇ. സതീശൻ, സെക്രട്ടറി, എടവക ഗ്രാമപഞ്ചായത്ത്
7. ശ്രീ. വി.എൻ. സുരേഷ്, സെക്രട്ടറി, വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിനെതിരെ മേൽ ഉദ്യോഗസ്ഥന്മാർ സർക്കാരിന് സമർപ്പിച്ച അപ്പീൽ ഹർജികളിൽ അനധികൃ ക്വാറികളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് അവർ ആത്മാർത്ഥമായി നടപടികൾ സ്വീകരിച്ചിരുന്നുവെന്നും പഞ്ചായത്ത് ഡയറക്ടറുടെ നടപടിപ്രകാരമുള്ള ശിക്ഷ അവർ തീരെ അർഹിക്കുന്നില്ലെന്നും ടി അച്ചടക്ക നടപടി നടപ്പാക്കിയതുതന്നെ സാമാന്യ നീതി നിഷേധിച്ചു കൊണ്ടാണെന്നും ബോധിപ്പിച്ചു.

അപ്പീൽ അപേക്ഷകളിൽ പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ, മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ അപ്പീൽ ഹർജികളിൽ ഉന്നയിച്ചിരിക്കുന്ന വാദങ്ങൾ വസ്തുതാപരവും അംഗീകരിക്കാവുന്നതുമാണ് എന്നും വയനാട് ജില്ലാ പോലീസ് സൂപ്രണ്ടും മാനന്തവാടി സബ്കളക്ടറും സംയുക്തമായി പരിശോധന നടത്തി ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ടി ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ ബഹു. ഹൈക്കോടതി ആവശ്യപ്പെട്ടിരുന്നത് എന്നും ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പ് ജീവനക്കാർക്കെതിരെ സമയബന്ധിതമായി അച്ചടക്ക നടപടി സ്വീകരിക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ യാതൊരുവിധ അന്വേഷണവും വകുപ്പുതലത്തിൽ നടത്തിയിരുന്നില്ല എന്നും 2010-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വോട്ടർപ്പട്ടിക തയ്യാറാക്കുന്നതുൾപ്പെടെയുള്ള ഭാരിച്ച ഉത്തരവാദിത്വം ടി കാലയളവിൽ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കേണ്ടി വന്നിരുന്നുവെന്നും ആയതിനിടയിലും വയനാട് ജില്ലാ കളക്ടറുടെ ഉത്തരവ് പാലിച്ച് അനധികൃത ക്വാറികളുടെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ സ്വീകരിച്ചിരുന്നുവെന്നും വയനാട് ജില്ലയിലെ വനാതിർത്തിയോട് ചേർന്ന ഒറ്റപ്പെട്ട പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ക്വാറികൾ കണ്ടെത്തുന്നതിനും ഇവയുടെ പ്രവർത്തനം തടയുന്നതിനും ആവശ്യമായ ജീവനക്കാരുടെ അഭാവവും വർദ്ധിച്ച ജോലിഭാരം മൂലവും കഴിയാതെ വരുന്നു എന്ന ജീവനക്കാരുടെ വാദം പരിഗണനാർഹമാണെന്നും അനധികൃത ക്വാറികളുടെ പ്രവർത്തനം തടയുന്നതിന് മറ്റ് സർക്കാർ വകുപ്പുകളുടെ യോജിച്ചുള്ള പ്രവർത്തനം ആവശ്യമാണ്. മേൽക്കാരണങ്ങളാൽ ജീവനക്കാരുടെ അപ്പീൽ ഹർജി പരിഗണനാർഹമാണെന്നും അച്ചടക്ക നടപടികൾ സമയബന്ധിതമായി തീർപ്പാക്കണമെന്ന സർക്കാർ നിർദ്ദശത്തിന്റെ അടിസ്ഥാനത്തിൽ സമയക്കുറവുമൂലം ഉദ്യോഗസ്ഥരെ നേരിൽ കേൾക്കാതെയാണ് നടപടി തീർപ്പാക്കിയത് എന്നും പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയുണ്ടായി.

ഇവർക്കെതിരെ തിടുക്കത്തിൽ സ്വീകരിച്ച അച്ചടക്ക നടപടി, അപ്പീലുകളുടെയും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും വെളിച്ചത്തിൽ നീതിനിഷേധം ഒഴിവാക്കുന്നതിന് അന്തിമ തീരുമാനത്തിലെത്തുന്നതിനു മുമ്പ് അപ്പീൽ സമർപ്പിച്ചവർക്ക് നേരിൽ കേൾക്കാനുള്ള അവസരം കൂടി നൽകേണ്ടതുണ്ട് എന്നു കാണകയാൽ 26.09.2013-ന് ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരെ നേരിൽ കേൾക്കുകയുണ്ടായി. തദവസരത്തിൽ ഓരോ ഉദ്യോഗസ്ഥരും താഴെപ്പറയുന്ന വിവരങ്ങൾ ബോധിപ്പിച്ചു.

**1. ശ്രീ. കെ. മുസ്തഫ, പനമരം (മുൻ മീനങ്ങാടി) ഗ്രാമപഞ്ചായത്ത് സെക്രട്ടറി**

മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ ക്വാറി നടത്തുന്നതിനുള്ള ശ്രീ. പി. പൈലി എന്നൊരാളുടെ അപേക്ഷ 30.03.2010-ന് പഞ്ചായത്ത് നിരസിച്ചു. ഇയാൾ അനധികൃത ക്വാറി നടത്തുന്നതായി ലഭിച്ച പരാതിയെത്തുടർന്ന് 17.07.2010-ന് ക്വാറി നിർത്തിവയ്ക്കാൻ ടിയാൾക്ക് നോട്ടീസ് നൽകി. തുടർന്നും

. ചില ദിവസങ്ങളിൽ ക്വാറി പ്രവർത്തിക്കുന്ന വിവരം ലഭിച്ചപ്പോൾ ആയത് തടയാൻ 14.09.2010-ന് ജില്ലാ കളക്ടർക്ക് പരാതി നൽകി. തുടർന്ന് 20.09.2010-ന് ജില്ലാ കളക്ടർ ടിയാൾക്ക് സ്റ്റോപ്പ് മെമ്മോ നൽകി. അപ്രകാരം ടി ക്വാറി പ്രവർത്തനം പൂർണ്ണമായി നിർത്തലാക്കി. അനധികൃത ക്വാറികളുടെ പ്രവർത്തനം അവസാനിപ്പിക്കാൻ ജോലിത്തിരക്കിനിടയിലും ശ്രദ്ധിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ തനിക്കെതിരെ നടപടി എടുത്തതിൽ ന്യായീകരണമില്ല. തനിക്കെതിരെ ആരോപിക്കപ്പെട്ട കുറ്റം താൻ ചെയ്തിട്ടില്ല എന്ന് അറിയിച്ചിട്ടും നേരിൽ കേൾക്കാൻ അവസരം നൽകിയില്ല. ശിക്ഷാ നടപടി മുൻകൂട്ടി തീരുമാനിച്ച വിധത്തിൽ നടപ്പാക്കിയതായി കാണുന്നു. പഞ്ചായത്ത് ഡയറക്ടറുടെ അച്ചടക്ക നടപടി ഉത്തരവ് റദ്ദാക്കണം.

## 2. ശ്രീ. ബെന്നി ജോസഫ്, വൈത്തിരി (മുൻ കണിയാംപറ്റ) ഗ്രാമപഞ്ചായത്ത് സെക്രട്ടറി

കണിയാംപറ്റ ഗ്രാമപഞ്ചായത്തിൽ 22.04.2010 മുതൽ 17.08.2011 വരെയാണ് താൻ സെക്രട്ടറിയായിരുന്നത്. ഇക്കാലത്ത് അനധികൃത ക്വാറിയിംഗ് തടയാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തന്റെ കാലത്ത് ക്വാറി നടത്തുന്നതിനുള്ള 5 അപേക്ഷകൾ ലഭിക്കുകയും ആയതിൽ ആവശ്യമായ രേഖകൾ എല്ലാം ഹാജരാക്കിയ ഒരാൾക്കുമാത്രം ലൈസൻസ് അനുവദിക്കുകയും ചെയ്തു. അനധികൃത ക്വാറികൾ ടി പഞ്ചായത്തിൽ എവിടെയെങ്കിലും പ്രവർത്തിക്കുന്നതായി തന്റെയും സ്റ്റാഫിന്റെയും പരിശോധനാ വേളകളിൽ കണ്ടെത്തിയിട്ടില്ല. അപ്രകാരമുള്ള പരാതികളൊന്നും ലഭിച്ചിട്ടുമില്ല. 2010-ലെ ഇലക്ഷനുമായി ബന്ധപ്പെട്ട വോട്ടർപട്ടിക പുതുക്കൽ, വാർഡ് വിഭജനം സംബന്ധിച്ച ജോലികൾ എന്നിവ സമയബന്ധിതമായി തീർക്കുന്നതിന്റെ തിരക്കുണ്ടായിരുന്നു. ഇതിനു പുറമെ പഞ്ചായത്തിലെ പതിവു ജോലിത്തിരക്ക്, സ്റ്റാഫിന്റെ കുറവ് എന്നിവമൂലം അവധി ദിവസങ്ങളിലും സ്ഥിരമായി ജോലി ചെയ്യേണ്ടി വന്നു. പ്രതിദിനം നൂറോളം പേർ വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിലെത്തിയിരുന്നു. ചുരുക്കിപ്പറഞ്ഞാൽ അമിതജോലിഭാരം ഉണ്ടായിരുന്നിട്ടും അനധികൃത ക്വാറികളുടെ പ്രവർത്തനം ഇല്ലെന്ന് ഉറപ്പു വരുത്തിയിരുന്നു. തനിക്കുലഭിച്ച കുറ്റാരോപണ മെമ്മോയിലോ, കാരണം കാണിക്കൽ നോട്ടീസിലോ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ ഏത് ക്വാറിയാണ് അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തിയതെന്ന് പറയുന്നില്ല. കാര്യങ്ങൾ നേരിൽ ബോധിപ്പിക്കാൻ അവസരം ആവശ്യപ്പെട്ടിട്ടും ആയത് നൽകിയില്ല. മേൽക്കാരണങ്ങളാൽ ശിക്ഷ റദ്ദാക്കി കുറ്റവിമുക്തനാക്കണം.

## 3. ശ്രീ. ബെന്നി ജോർജ്ജ്, പൊഴുതന ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി

പൊഴുതന ഗ്രാമപഞ്ചായത്തിൽ അനധികൃത ക്വാറികൾ പ്രവർത്തിച്ചിരുന്നില്ല. തനിക്കെതിരെ അച്ചടക്ക നടപടിയ്ക്ക് കാരണമായി കണ്ടെത്തിയ അനധികൃത ക്വാറി ഏതാണെന്നറിയില്ല. സബ്കളക്ടറുടെ റിപ്പോർട്ടിൽ പറയുന്ന മൂന്ന് ക്വാറികൾക്കും നിയമാനുസൃതം ലൈസൻസ് നൽകിയിട്ടുള്ളതാണ്. നേരിൽ കേൾക്കാൻ അവസരം നൽകാതെ ഏകപക്ഷീയമായാണ് പഞ്ചായത്ത് ഡയറക്ടർ ശിക്ഷ നടപ്പാക്കിയിട്ടുള്ളത്. ടി ശിക്ഷ റദ്ദാക്കി ഉത്തരവാകണം.

## 4. ശ്രീ. എം.കെ. മമ്മു, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി

അനധികൃത ക്വാറികൾ തടയാൻ തക്കതായ നടപടികൾ താൻ സ്വീകരിച്ചിരുന്നു. ഇക്കാര്യം നേരിൽ ബോധ്യപ്പെടുത്താൻ അവസരം ആവശ്യപ്പെട്ടിട്ടും ആയത് അനുവദിക്കാതെയാണ് അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളത്. ഏത് ക്വാറിയാണ് ടി പഞ്ചായത്തിൽ അനധികൃതമായി പ്രവർത്തിച്ചത് എന്ന് വ്യക്തമാക്കുകയോ ടി ക്വാറി ഉടമകൾക്കെതിരെ ബന്ധപ്പെട്ടവർ നടപടി എടുക്കുകയോ ചെയ്തിട്ടില്ല. ഇ.എം.എസ്. ഭവനപദ്ധതി, പഞ്ചായത്ത് തെരഞ്ഞെടുപ്പ്, പഞ്ചായത്തിലെ പതിവ് ജോലിത്തിരക്ക് എന്നിവയ്ക്കിടയിലും അനധികൃത ക്വാറികൾ തടയുന്നതിന് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ആയതിനാൽ ശിക്ഷാ നടപടികൾ റദ്ദാക്കണം, കുറ്റവിമുക്തനാക്കണം.

## 5. ശ്രീ. എ.ആർ. ജയകൃഷ്ണൻ, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി

കാര്യങ്ങൾ നേരിൽ ബോധിപ്പിക്കാൻ ഒരവസരവും നൽകാതെയാണ് ശിക്ഷാ നടപടി തീർപ്പാക്കിയത്. ക്വാറിയിങ്ങിനുള്ള 8 അപേക്ഷകൾ നിരസിക്കുകയും രേഖകളെല്ലാം ഹാജരാക്കിയ

ഒന്നു മാത്രം അനുവദിക്കുകയും ചെയ്തു. പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ജോലിത്തിരക്ക ഉണ്ടായിരുന്നിട്ടു കൂടി അനധികൃത ക്വാറികൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല എന്ന് താനും തന്റെ സ്റ്റാഫും പരിശോധിക്കുകയും ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ എവിടെയാണ് അനധികൃത ക്വാറിയിംഗ് നടക്കുന്നതെന്ന് പറയാതെ, പൊതുവായ ഒരു പരാമർശത്തോടെ, നേരിൽ കേൾക്കാൻ അവസരം നൽകാതെ, മുൻവിധിയോടെയാണ് തനിക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളത്. ശിക്ഷാ നടപടി റദ്ദാക്കി ഉത്തരവാകണം.

## 6. ശ്രീ. കെ.ഇ. സതീശൻ, എടവക ഗ്രാമപഞ്ചായത്ത് സെക്രട്ടറി

എടവക ഗ്രാമപഞ്ചായത്തിൽ മുഴുവൻ രേഖകളില്ലാതെ പ്രവർത്തിച്ചിരുന്ന ഒരേയൊരു ക്വാറിയുടെ പ്രവർത്തനം 02.08.2010-ൽ നിർത്തലാക്കിപ്പിച്ചു. അനധികൃത ക്വാറികളുടെ പ്രവർത്തനം ഇല്ലെന്ന് ഉറപ്പ് വരുത്തിയിട്ടുള്ളതാണ്. അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട ഒരു പേപ്പറിലും എടവക ഗ്രാമപഞ്ചായത്തിൽ ഏത് ക്വാറിയാണ് അനധികൃതമായി പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല. നേരിൽ കേൾക്കാൻ അവസരം അനുവദിച്ചില്ല. പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവ് സാമാന്യ നീതിയുടെ നിഷേധമാണ്. ആയത് റദ്ദാക്കി ഉത്തരവാകണം.

## 7. ശ്രീ. വി.എൻ. സുരേഷ്, അജാനൂർ (മുൻ വെള്ളമുണ്ട) ഗ്രാമപഞ്ചായത്ത് സെക്രട്ടറി

അനധികൃത ക്വാറികളുടെ പ്രവർത്തനം നിർത്തി വയ്ക്കുന്നതിന് 2010 സെപ്റ്റംബർ മാസം കർശനമായ നടപടികൾ സ്വീകരിച്ചിരുന്നു. ഇതിനെത്തുടർന്ന് വെള്ളമുണ്ട പഞ്ചായത്തിലെ മുഴുവൻ ക്വാറികളുടെയും പ്രവർത്തനം അവസാനിപ്പിച്ചിരുന്നു. താൻ സ്വീകരിച്ച നടപടികളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സംതൃപ്തി പ്രകടിപ്പിച്ചതാണ്. ഇതൊക്കെയായിട്ടും ഉദ്യോഗസ്ഥരുടെ കണ്ണുവെട്ടിച്ച് വിദൂരവും വിജനവുമായതും ആളുകൾക്ക് പെട്ടെന്ന് എത്തിപ്പെടാൻ പറ്റാത്തതുമായ സ്ഥലങ്ങളിൽ ആരെങ്കിലും അനധികൃതമായി ക്വാറിയിംഗ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന് അത്തരം ക്വാറി ഉടമകൾ തന്നെയാണ് ഉത്തവാദികൾ. പഞ്ചായത്ത് തെരഞ്ഞെടുപ്പ് ജോലിമൂലം അമിത ജോലിഭാരമുണ്ടായിരുന്ന കാലമാണ്. ഇന്നുവരെയും ആത്മാർത്ഥമായി ജോലി ചെയ്തിട്ടുണ്ട്. കാര്യക്ഷമമായ തന്റെ പ്രവർത്തനത്തിന് പല പഞ്ചായത്തിലും (എൻമകജെ, കുമ്പള ഗ്രാമപഞ്ചായത്തുകൾ) തെളിവുകളുണ്ട്. അകാരണമായി ശിക്ഷിക്കപ്പെട്ട ഉത്തരവ് റദ്ദാക്കണം.

കൂടാതെ ഹർജിക്കാർ താഴെപ്പറയുന്ന സംഗതികൾ കൂടി ബോധിപ്പിച്ചു.

"പഞ്ചായത്തിലെ ദൈനംദിന പ്രവർത്തനങ്ങൾ തന്നെ വൈവിധ്യമാർന്നതും പൊതുജനങ്ങളുടെ ആവശ്യങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടവയുമാണ്. ജനന മരണ രജിസ്ട്രേഷൻ, പെർമിറ്റുകളുടെയും ലൈസൻസുകളുടെയും അപേക്ഷാസ്വീകരണം മുതൽ വിതരണം വരെയുള്ള കാര്യങ്ങൾ, വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ജോലികൾ എന്നിവയ്ക്കു പുറമേ മേൽ അച്ചടക്ക നടപടിയ്ക്കു നിദാനമായ സംഭവങ്ങൾ നടക്കുന്ന സന്ദർഭത്തിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ സമയബന്ധിതമായി ചെയ്തു തീർക്കേണ്ടതായ മറ്റ് അനുബന്ധ ജോലികളിലും ജീവനക്കാർ വ്യാപൃതരായിരുന്നു. പല പഞ്ചായത്തുകളിലും അവധി ദിവസങ്ങളിൽപ്പോലും ജീവനക്കാർ ഓഫീസിലെത്തി ജോലി ചെയ്യുകയായിരുന്നു.

പഞ്ചായത്തുകളിലെ സ്റ്റാഫിന്റെ എണ്ണം കുറവായതിനാൽ നിലവിലുള്ള സ്റ്റാഫിന് അധിക ജോലിഭാരമുണ്ട്. എന്നിട്ടും അനധികൃത ക്വാറികളുടെ പ്രവർത്തനം ഇല്ലെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള പരിശോധന മുടങ്ങാതെ നടത്തിയിട്ടുണ്ട്.

വയനാട് ജില്ലയിലെ മേൽ പഞ്ചായത്തുകളിൽ വനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങൾ ഉണ്ട്. ആനകളുടെ ആക്രമണം ഭയന്ന് ആരും പോകാൻ ധൈര്യപ്പെടാത്ത വിദൂരവും വിജനവുമായ പ്രദേശങ്ങളുണ്ട്. ഇത്തരം സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ക്വാറികൾ കണ്ടെത്താൻ പ്രയാസമാണ്.

ഇത്തരം സ്ഥലങ്ങളിൽ ആൾബലമില്ലാതെ പോകുന്നതും അപകടകരമാണ്. നേരിൽ കേൾക്കാൻ അവസരം നൽകാതെ പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവ് സാമാന്യനീതിയുടെ നിഷേധമാണ്"

അപ്പീൽ ഹർജികളും നേരിൽ കേട്ടവേളയിൽ ബോധിപ്പിച്ച സംഗതികളും സർക്കാർ വിശദമായി പരിശോധിച്ചു. അനധികൃത ക്വാറികൾ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നു, ആയത് തടയാൻ നടപടികൾ സ്വീകരിച്ചില്ല എന്നതാണ് മേൽ ഉദ്യോഗസ്ഥന്മാരുടെ പേരിൽ ആരോപിക്കപ്പെട്ട കുറ്റം എങ്കിലും ഏതു പഞ്ചായത്തിൽ ഏത് ക്വാറികളാണ് ഇപ്രകാരം അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തിയത് എന്ന് ശിക്ഷാ നടപടിയുമായി ബന്ധപ്പെട്ട കുറ്റപത്രത്തിലോ നടപടിക്രമങ്ങളിലോ വ്യക്തമാക്കിയിട്ടില്ലെന്നും അനധികൃത ക്വാറികളുടെ രഹസ്യ പ്രവർത്തന രീതിയും അവ പ്രവർത്തിക്കുന്നുണ്ടെങ്കിൽത്തന്നെ അത്തരം വനാതിർത്തി പ്രദേശങ്ങളിൽ ചെന്ന് കണ്ടെത്താനുള്ള ബുദ്ധിമുട്ടുകളും പരിമിതികളും ടി ഉദ്യോഗസ്ഥർ ബോധിപ്പിച്ചത് പാടെ നിരാകരിക്കാനാവില്ല എന്നും നേരിൽ കേൾക്കാൻ അവസരം നൽകാതെ പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവ് സാമാന്യനീതിയുടെ നിഷേധമാണെന്നും കണ്ടെത്തുകയുണ്ടായി.

ഈ സാഹചര്യത്തിൽ മേൽ ഉദ്യോഗസ്ഥർക്ക് പഞ്ചായത്ത് ഡയറക്ടർ നൽകിയ 2 വാർഷിക ശമ്പള വർദ്ധനവുകൾ സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ടുള്ള ശിക്ഷ ഇളവു നൽകിക്കൊണ്ടും ഇത്തരം വിഷയങ്ങളിൽ മേലിലും ജാഗ്രത പുലർത്തേണ്ടതാണെന്ന് കർശന താക്കീത് നൽകിക്കൊണ്ടും ശിക്ഷാ നടപടികൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. ശ്രീ. കെ. മുസ്തഫ, സെക്രട്ടറി, പനമരം ഗ്രാമപഞ്ചായത്ത്
2. ശ്രീ. ബെന്നി ജോസഫ്, സെക്രട്ടറി, കണിയാംപറ്റ ഗ്രാമപഞ്ചായത്ത്
3. ശ്രീ. ബെന്നി ജോർജ്ജ്, സെക്രട്ടറി, പൊഴുതന ഗ്രാമപഞ്ചായത്ത്
4. ശ്രീ. എം.കെ. മാമു, സെക്രട്ടറി, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്
5. ശ്രീ. എ.ആർ. ജയകൃഷ്ണൻ, സെക്രട്ടറി, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്
6. ശ്രീ. കെ.ഇ. സതീശൻ, സെക്രട്ടറി, എടവക ഗ്രാമപഞ്ചായത്ത്
7. ശ്രീ. വി.എൻ. സുരേഷ്, സെക്രട്ടറി, വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

8. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
9. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
10. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്
11. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
12. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
13. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.997/ഇപിബി3/2012/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ